ഇ-ഗവേണൻസ്

254 (621) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ-ഗവേണൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സർക്കാർ സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുക.
2. സർക്കാർ ഓഫീസുകൾ ഡിജിറ്റലാക്കുക.
3. സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുക.
4. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടലിലൂടെ നൽകുക.
5. സാർവത്രികവും തടസരഹിതവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.
6. മൊബൈൽ ഗവേണൻസ് വ്യാപിപ്പിക്കുക.
7. സുതാര്യവും കാര്യക്ഷമവുമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുക.
8. ഒപ്റ്റിക്കൽ ഫൈബർ ഗേറ്റ്‌വേ വഴി പ്രധാനപ്പെട്ട ഓഫീസുകളെ ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുക.
9. ഇ-ഗവേണൻസ് ഇന്നൊവേഷൻ സ്കീം ജില്ലാതലത്തിൽ നടപ്പിലാക്കുക.
10. ഐ.ടി. മേഖലയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സെക്വാൻ (SECWAN), എം-ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. വിവിധ വകുപ്പുകൾ, പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകുന്നതിലേയ്ക്കായും ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനുംവേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്.

ഇക്കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപെക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ ഓഫീസുകളിൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ വെർച്വൽ ഐ.ടി. കേഡർ സംവിധാനത്തിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി

255 (622) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിലേക്ക് ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർണ്ണമായി നടപ്പിലാക്കിയെന്നു അറിയിക്കുമോ;

(സി) ഇതിലേക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ച സേവനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly